A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

812

# വാർഷിക മൂല്യനിർണയം 2017 –18

## മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ

സ്കോർ : 40

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കാൻ ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**(1 സ്കോർ വീതം)**

1. "കാടിന്നുടയോനാമെന്നെ തേടി വരുന്നോരേ
വരുവിൻ ഗാനവുമായി <u>കാടിൻ ഗീതവുമായ്</u> "
അടിവരയിട്ട ഭാഗം നൽകുന്ന അർഥസൂചനയെന്ത്?

   - ഗാനവുമായാണ് കാട്ടിൽ പ്രവേശിക്കുന്നത്.
   - കാടിനെക്കുറിച്ചുള്ള പാട്ടിൽ കാടിനോടുള്ള സ്നേഹവുമുണ്ട്.
   - എല്ലാ ഗീതങ്ങളും ഉണ്ടാകുന്നത് കാട്ടിലാണ്.
   - ഈണവും താളവുമുള്ളതാണ് കാടിന്റെ ഗീതം.

2. " നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനുഷർ! "
വരികളിൽ തെളിയുന്ന ജീവിതാവസ്ഥ?

   - സമ്പന്നത
   - അനശ്വരത
   - ദാരിദ്ര്യം
   - നശ്വരത

3. " എനിക്ക് കുട്ടിക്കാലം ഈ വയസ്സാംകാലത്താണല്ലോ എന്നെനിക്കു തന്നെ ചിരി വരുന്നു; ഉപ്പു ചുവയ്ക്കുന്ന ചിരി! "

   (നനയാത്ത മഴ)

   ചിരിക്ക് ഉപ്പുചുവയുണ്ടാവാൻ കാരണം?

   - ബാല്യത്തിലെ നഷ്ടങ്ങളെക്കുറിച്ചുള്ള നൊമ്പരം.
   - കൂട്ടുകാരോട് ആവേശത്തോടെ മഴയെക്കുറിച്ച് പറഞ്ഞതുകൊണ്ട്.
   - വയസ്സായി എന്ന യഥാർഥ്യം തിരിച്ചറിയുന്നതുകൊണ്ട്.
   - ചിരിയിൽ പരിഹാസം നിറഞ്ഞതുകൊണ്ട്.

4. " <u>കുഴിയാനയി</u>,ലാടിൽ, അണ്ഡകോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന കൈയാൽ " -
അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്ന ബഷീർ കൃതി ഏത്?

   - ആനവാരിയും പൊൻകുരിശും
   - ആനപ്പൂട
   - ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
   - മാന്ത്രികപ്പൂച്ച

(4x1=4)

5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.
(2 സ്കോർ വീതം)

5. 'വാഴവെട്ടുവാൻ ആളുകൾ ഇറങ്ങിയിട്ടുള്ള കഥ അയാൾ നേരത്തേ കേട്ടതാണ്. അവരാണ് തന്നെ സമീപിച്ചിരിക്കുന്നത് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീ പിടിച്ചു.'

അടിവരയിട്ട ഭാഗം നൽകുന്ന രണ്ട് ആശയസൂചനകൾ എഴുതുക.

6. ഭാഷാപരമായ അഭംഗി പരിഹരിച്ച് വാക്യം ശരിയാക്കി എഴുതുക.

കടബാധ്യത കൊണ്ട് മറ്റ് ഗത്യന്തരങ്ങളില്ലാതെ വരുമ്പോഴാണ് പല കർഷകരും സ്വയം ആത്മഹത്യയെക്കുറിച്ച് ആഴത്തിലും അഗാധമായും ചിന്തിച്ചു പോകുന്നത്.'

7. " എടാ, ആ ഷർട്ട് മാറ്റിയിട്, നാലത്തത് മതിയല്ലോ മടക്കത്തിന് ." - ഞാനതു കേട്ട ഭാവം നടിച്ചില്ല.

കേട്ട ഭാവം നടിക്കാതിരിക്കാൻ രചയിതാവിന് പ്രേരകമായത് എന്തൊക്കെയാവാം? രണ്ടു വാക്യത്തിൽ ഉത്തരം എഴുതുക.

8. 'വികൃതികളുരച്ചും കളിചിരിയുതിർത്തും
രണ്ടാംബാല്യം ഇമ്പമായി നുണച്ചിരിക്കുമ്പോൾ ' - രണ്ടാംബാല്യം എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

9. " മഴ മരക്കൊമ്പുകളിൽ നിന്ന് നേരെ എന്റെ മനസ്സിലേക്കാണ് വീഴാറ്."
" മഴപെയ്ത് മുറ്റത്ത് പായൽ കെട്ടുമ്പോഴാണ് ഞാൻ തെന്നിവീഴാറ്."

അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കുറിക്കുക.

(4x2=8)

10 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.
(4 സ്കോർ വീതം)

10. പട്ടിക ഉചിതമായി ക്രമീകരിക്കുക.

| കർത്താവ് | കൃതി | പ്രമേയം |
|---|---|---|
| കുഞ്ചൻനമ്പ്യാർ | ആൽകെമിസ്റ്റ് | അംഗീകാരം നൽകുന്ന ആത്മവിശ്വാസം |
| എം.ടി.വാസുദേവൻ നായർ | നനയാത്ത മഴ | ധനത്തോടുള്ള ആർത്തി |
| പ്രിയ എ.എസ്. | കുപ്പായം | സന്തോഷത്തിന്റെ രഹസ്യം |
| പൗലോ കൊയ്‌ലോ | ധ്രുവചരിതം | മഴയനുഭവങ്ങൾ |

11. "അമ്മയെ കുളിപ്പിക്കുമ്പോൾ കുഞ്ഞിനെ
കുളിപ്പിക്കുമ്പോഴെന്ന പോലെ കരുതൽ വേണം
ഉടൽ കൈയിൽ നിന്ന് വഴുതരുത്
ഇളം ചൂടായിരിക്കണം വെള്ളത്തിന് "

(അമ്മയെ കുളിപ്പിക്കുമ്പോൾ - സാവിത്രി രാജീവൻ)

"ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും
മാലറ്റു പോകും, വരും വർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും"

(പുതുവർഷം - വിജയലക്ഷ്മി)

'അമ്മയോടുള്ള കരുതലും അമ്മയുടെ കരുതലുമാണ് ഈ വരികളിലുള്ളത് ' - പ്രസ്താവനയുമായി ബന്ധിപ്പിച്ച് വരികൾ താരതമ്യം ചെയ്യുക.

12. • " വേല ചെയ്യണം ..... വിയർക്കണം.....
ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം.
ഞാ....വിദ്യ മനസ്സിലിരിക്കട്ടെ. "

• " അഴുക്കിലൂടെ നീന്തിക്കയറണം.
അതു പുരളാതെ സൂക്ഷിക്കണം."

(തേൻകനി)

വനഗായകന്റെ സംഭാഷണത്തിൽ തെളിയുന്ന ജീവിതവീക്ഷണം വിലയിരുത്തുക.

13. " പുഴയും പുഴയും ചേർ-
ന്നാനന്ദക്കടലാകും
കലയങ്ങതൻ കണ്ണിൽ
നർമമായി തിളങ്ങുന്നു. "

വരികളുടെ അടിസ്ഥാനത്തിൽ 'ബഷീർ എന്ന ബല്യ ഒന്ന് ' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

14. ' കുട്ടിക്കാലത്ത് ഓണപ്പൂക്കളമിടാൻ നേരത്ത് കൃത്യമായി വരും മഴ. മുത്തച്ഛനാണ് പൂക്കളത്തിന് ചിത്രമൊരുക്കുക '-

(നനയാത്ത മഴ - പ്രിയ എ.എസ്.)

മഴയും പൂക്കളവും മുത്തച്ഛനും എഴുത്തുകാരിയിൽ അനുഭവമായി നിറയുന്നതെങ്ങനെ? ലഘുകുറിപ്പ് തയാറാക്കുക.

15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.
(6 സ്കോർ വീതം)

15. "എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിന് വരുന്ന കുട്ട്യോള് കണ്ടാ പരിഹസിക്ക്ല്ല്യേ."

(കുപ്പായം - എം.ടി. വാസുദേവൻനായർ)

" കുട്ടിക്കാലത്തിന്റെ സ്വാതന്ത്ര്യവും കുസൃതിയും പുറത്തെടുക്കാൻ അവസരം കിട്ടാതിരുന്ന ആ കഷ്ടകാലങ്ങളിൽ, ഒരു കൊച്ചല്ലേ പാവം, ഇത്തിരി കുസൃതി അതും കാണിച്ചോട്ടെ എന്ന സ്നേഹവായ്പായി ഞാനാ മഴ കളെ ഇന്നു തർജമ ചെയ്യുന്നു."

(നനയാത്ത മഴ -പ്രിയ എ. എസ്.)

ബാല്യകാലത്തെ നഷ്ടങ്ങളും ഇല്ലായ്മകളുമാണ് ഓർമകളെ സമ്പന്നമാക്കുന്നത്. പാഠഭാഗങ്ങളിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ലഘു ഉപന്യാസം തയാറാക്കുക.

16. "മിടുക്കത്തിയെൻ മെയ്യിൽ
തളിച്ചോളട്ടേ തീർഥം!"

"ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വലുതായി-
ട്ടൊന്നുളവാകും;താങ്ക-
ളോരുമീയദ്വൈതത്താൽ"

(ബഷീർ എന്ന ബല്യ ഒന്ന് -വിഷ്ണുനാരായണൻ നമ്പൂതിരി)

"താൻ നേടിയ ഭൂഭാഗത്തിൽ ബഷീർ പുതിയ ലോകത്തിന്റെ കമ്പുകളും വിത്തുകളും നടുന്നു. കുമനെയും പാമ്പിനെയും പുള്ളിനെയും കടവാതിലിനെയും ഭൂമിയുടെ മറ്റവകാശികളെയും കണ്ടെത്തുകയും ചെയ്യുന്നു".

(മരുഭൂമികൾ പൂക്കുമ്പോൾ - എം.എൻ. വിജയൻ)

മുകളിൽ കൊടുത്ത രചനാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ' ബഷീർ സ്നേഹത്തിന്റെ ബല്യ ഒന്ന് ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കു.

17. "പഠനയാത്രയ്ക്ക് ദൂരദേശത്തേക്ക്
വയലുകാണുവാൻ പോകുന്നു കുട്ടികൾ
എവിടെയെന്നു തിരക്കുന്നു കണ്ണുകൾ
അവിടെയെല്ലാം വരണ്ട നിശ്ശൂന്യത
ഒരു കിളിയൊച്ച കാക്കുന്നു കാതുകൾ
കൊടിയ മൗനം ജ്വലിപ്പിച്ചു ദിക്കുകൾ
ഒടുവിലായിരം കാതം കടക്കവെ
വയലു പോലൊരു സ്വപ്നം വിരിയുന്നു"

കൊടിയ - വലിയ
കാതം - ദൂരം

(പഠനയാത്ര - കുരീപ്പുഴ ശ്രീകുമാർ)

രണ്ട് മത്സ്യങ്ങൾ എന്ന കഥയിലെ ആശയം കൂടി പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

(2x6=12)